I ഇ.ബി. XIV - കേരള നിയമസഭ /V-12

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 12, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 46-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 46-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

<u>മൂന്നാറിലെ ഭൂമി കയ്യേറ്റം</u>

<u>മി. സ്പീക്കർ</u>: മൂന്നാർ മേഖലയിലെ അനധികൃതവും വ്യാപകവുമായ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് 27/3/2017-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിനുശേഷം നൽകിയ നിർദ്ദേശങ്ങളും കയ്യേറ്റം ഒഴിപ്പിക്കൽ നിർത്തിവയ്ക്കാൻ ഇടയാക്കിയ സാഹചര്യവും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്തത്തെ ദോഷകരമായി ബാധിക്കുന്ന നിലയിൽ റവന്യൂ വകുപ്പിന്റെ നടപടികളെ നിയന്ത്രിക്കാൻ മുഖ്യമന്ത്രി തയ്യാറായതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ)</u>: ഇടുക്കി ജില്ലയിലെ ഭൂമിപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 27/3/2017-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും യോഗം ചേരുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. 16/2/2015-ലെ സർക്കാർ ഉത്തരവ് പുനഃപരിശോധിക്കുക, നീലക്കുറിഞ്ഞി ഉദ്യാനവുമായി ബന്ധപ്പെട്ട്

അതിരുകൾ പുനർ നിശ്ചയിക്കുന്നത് പരിശോധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അവ്യക്തത നീക്കം ചെയ്യുക തുടങ്ങി നിരവധി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും യോഗത്തിൽ ഉണ്ടായെങ്കിലും അതിന്മേൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിനുശേഷം കയ്യേറ്റമൊഴിപ്പിക്കൽ തടസ്സപ്പെട്ടുവെന്നും സർക്കാരിന്റെ കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ടുവെന്നും റവന്യൂ വകുപ്പിന്റെ ഭരണ കാര്യങ്ങളിൽ അനാവശ്യമായി കൈകടത്തുന്നുവെന്നുമുള്ള വാദങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല. കയ്യേറ്റമൊഴിപ്പിക്കൽ നടപടികൾ യാതൊരു തടസ്സവുംകൂടാതെ തുടരുകയാണ്. ഭരണഘടനാപരമായി മുഖ്യമന്ത്രിക്ക് മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ യോഗങ്ങൾ വിളിച്ചുചേർത്ത് അഭിപ്രായങ്ങൾ സ്വരൂപിക്കാനും നിർദ്ദേശങ്ങൾ നൽകാനുമുള്ള അവകാശമുണ്ടെന്നിരിക്കെ അതിനെ തെറ്റായി വ്യാഖ്യാനിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: പരിസ്ഥിതിപരമായും ഭൂമിശാസ്ത്രപരമായും ഒട്ടേറെ സവിശേഷതകളുള്ള മൂന്നാർ മേഖല ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പരിസ്ഥിതി പരിപാലനത്തിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിനുശേഷം മൂന്നാറിലെ

കയ്യേറ്റമൊഴിപ്പിക്കലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തടസ്സമുണ്ടായിട്ടില്ല എന്ന റവന്യൂ വകുപ്പുമന്ത്രിയുടെ വാദം അടിസ്ഥാനരഹിതമാണ്. നീലക്കുറിഞ്ഞി സാംഗ്ച്വറിയുടെ കാര്യത്തിൽ അതിരുകളുടെ അപാകത പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് 3200 ഹെക്ടർ സ്ഥലം ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതടക്കമുള്ള തീരുമാനങ്ങൾ പ്രസ്തുത യോഗത്തിൽ കൈക്കൊണ്ടിട്ടുണ്ട്. ശരിയായ രേഖയുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. 27.03.2017-ലെ യോഗ തീരുമാനം സർവ്വകക്ഷി യോഗത്തിൽ മറച്ചുവയ്ക്കാനാണ് മുഖ്യമന്ത്രി ശ്രമിച്ചത്. യോഗ തീരുമാനങ്ങൾ മൂന്നാർ മേഖലയിലെ കയ്യേറ്റക്കാരെ സഹായിക്കുന്നതും പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുന്നതുമാണ്. കേരളത്തെ മുഴുവൻ ബാധിക്കുന്ന അതീവ ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഇടുക്കി ജില്ലയിലെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളിൽനിന്നും ജനപ്രതിനിധികളിൽനിന്നും ആക്ഷേപങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തത്. 27.03.2017- ലെ യോഗ തീരുമാനമനുസരിച്ച് നിലവിലുള്ള ഒരു സർക്കാർ ഉത്തരവിലും ഭേദഗതി വരുത്തിയിട്ടില്ല. മൂന്നാറിലെ

പരിസ്ഥിതി സംരക്ഷിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. നീലക്കുറിഞ്ഞി സാംഗ്ച്വറിയുടെ അതിരുകൾക്കുള്ളിൽ വരുന്ന ഭൂമിയിൽ മാറ്റിപ്പാർപ്പിക്കാൻ കഴിയാത്ത തരത്തിലുള്ള താമസവും ഉൾപ്പെട്ടിട്ടുണ്ടെന്ന് ജനപ്രതിനിധികൾ ഉന്നയിച്ച സാഹചര്യത്തിലാണ് ഇതുസംബന്ധിച്ച് പരിശോധിക്കാൻ 27.03.2017-ലെ യോഗത്തിൽ തീരുമാനിച്ചത്. നീലക്കുറിഞ്ഞി സാംഗ്ച്വറിയെ ഇല്ലാതാക്കുന്ന തീരുമാനങ്ങളൊന്നും ഗവൺമെന്റ് എടുത്തിട്ടില്ല. കൃത്യമായ രീതിയിൽ അതിരുകൾ പുനർനിർണ്ണയിക്കാനാണ് പ്രത്യേക ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളത്. നീലക്കുറിഞ്ഞി സാംഗ്ച്വറി സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം മാത്രം പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് പൂർണ്ണമായും പരിഹരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് ആവശ്യമാണ്. എല്ലാ കാര്യങ്ങളും പരിശോധിച്ചുമാത്രമേ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. ഗവൺമെന്റിന് കൂട്ടുത്തരവാദിത്തവും ഏകോപനവുമില്ലെന്ന വാദം ശരിയല്ല. മൂന്നാർ മേഖലയിൽ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്. പ്രമേയാവതരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രസ്താവനകൾ അടിസ്ഥാനരഹിതമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മൂന്നാർ സംരക്ഷണത്തിനും ഇടുക്കിയിലെ കുടിയേറ്റക്കാർക്ക് പട്ടയം നൽകുന്നതിലും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. കയ്യേറ്റക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിയുമായി ഈ സർക്കാർ മുന്നോട്ടുപോകുന്ന അവസരത്തിൽ പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. 27.03.2017-ൽ മൂന്നാറിലെ കയ്യേറ്റം ഒഴിപ്പിക്കൽ നടപടികളുമായി ബന്ധപ്പെട്ട യോഗത്തിൽ വ്യത്യസ്ത വിഭാഗക്കാർ ഉന്നയിച്ച ആശങ്കകളും അഭിപ്രായങ്ങളും സംബന്ധിച്ച് സർക്കാരിന് പരിശോധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. ശ്രീമതി നിവേദിത പി. ഹരൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 16-02-2015-ൽ ഇറക്കിയ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിക്കാനും ജനങ്ങളുടെ ആശങ്ക സംബന്ധിച്ച് പരിശോധിക്കാനുമാണ് യോഗത്തിൽ തീരുമാനിച്ചത്. നീലക്കുറിഞ്ഞി സാംഗ്ച്വറി പ്രദേശങ്ങളിൽ അതിര് സംബന്ധമായ ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. സി.എച്ച്.ആർ. ഭൂമിയുമായി ബന്ധപ്പെട്ട് യാതൊരു തർക്കവും നിലനിൽക്കാത്ത സാഹചര്യത്തിൽ ടി ഭൂമി സംരക്ഷിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. മന്ത്രിസഭ കൂട്ടായി ആലോചിച്ച് യോജിച്ച രീതിയിലുള്ള കാര്യങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

(1) <u>തൊഴിൽ സുരക്ഷയും വേതനവും</u>

<u>ശ്രീ. എം. രാജഗോപാലൻ</u>: സംസ്ഥാനത്തെ അൺഎയ്ഡഡ് മേഖലയിൽ 3000 സ്കൂളുകളിലായി 2 ലക്ഷത്തോളം പേർ അദ്ധ്യാപക -അനദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാരും ബോർഡുകളും നിഷ്കർഷിച്ചിട്ടുള്ള നിയമാവലിക്ക് സമ്മതം രേഖപ്പെടുത്തി എൻ.ഒ.സി.-യും അംഗീകാരവും നേടിക്കഴിഞ്ഞാൽ നിയമങ്ങളൊന്നും പാലിക്കപ്പെടാറില്ല. ജീവനക്കാരെ മാനേജ്മെന്റിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് പിരിച്ചുവിടുകയോ നിയമിക്കുകയോ ചെയ്യുകയും നിയമാനുസൃതം ശമ്പളം നൽകുന്നതായി കണക്ക് കാണിക്കുകയും കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യിക്കുകയുമാണ് ചെയ്യുന്നത്. വർക്ക്ലോഡ് ഏറെയുള്ള അദ്ധ്യാപകർക്ക് പ്രസവാവധി, അവധിക്കാല ശമ്പളം, ബോണസ്, ഇ.പി.എഫ്.,

ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങളൊന്നും ബാധകമല്ല. ജോലിക്ക് ചേരുമ്പോൾ ലക്ഷങ്ങൾ ബോണ്ടായി വാങ്ങിക്കുമെങ്കിലും ഇതിന്റെ പലിശപോലും ശമ്പളമായി കിട്ടുകയില്ല. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് തുല്യമായ വേതനം നൽകാമെന്ന് സമ്മതപത്രം നൽകിയെങ്കിലും ദിവസം 100 രൂപ പോലും നൽകുന്നില്ലെന്നുമാത്രമല്ല ഇക്കാര്യത്തിലുള്ള ഹൈക്കോടതി വിധിയും മാനിക്കുന്നില്ല. നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടില്ല. അൺ എയ്ഡഡ് സ്കൂൾ ജീവനക്കാരെ ഏകീകരിച്ചുകൊണ്ട് അവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും സേവനവേതന വ്യവസ്ഥകൾ നിജപ്പെടുത്താനുമായി നിയമനിർമ്മാണം നടത്തണം. ഡി.പി.ഐ.-യുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള അൺഎയ്ഡഡ് സ്കൂൾ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്ഷേമനിധി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു കമ്മിഷനെ നിയമിക്കുകയും ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരും അദ്ധ്യാപകരും മാനേജ്മെന്റുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നതെങ്കിലും സേവന-വേതന വ്യവസ്ഥകൾ, യോഗ്യത എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2007-ൽ സർക്കാർ

നിയോഗിച്ച രണ്ടംഗ കമ്മീഷന്റെ ശിപാർശയനുസരിച്ച് 14-2-2011-ലെ ജി.ഒ. പ്രകാരം അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകന് 7000 രൂപയും എച്ച്.എസ്.എ. അദ്ധ്യാപകന് 6000 രൂപയും പ്രൈമറി ടീച്ചർക്ക് 5000 രൂപയും ക്ലാർക്കിന് 4000 രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 3500 രൂപയും മിനിമം വേതനമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസും നൽകണമെന്ന് എൻ.ഒ.സി.-ക്കുള്ള മാനദണ്ഡത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ സ്വാശ്രയ കോളേജ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നിഷ്കർഷിച്ചുകൊണ്ട് 19-7-2014-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം യു.ജി.സി. യോഗ്യതയുള്ളവർക്ക് സംസ്ഥാന സർവ്വീസിൽ സമാന തസ്തികയിൽ നൽകിവരുന്ന വേതനം നൽകണമെന്നും മറ്റുള്ളവർക്ക് പ്രതിമാസം മിനിമം പതിനായിരം രൂപ നൽകണമെന്നും നിഷ്കർഷിക്കുന്നുണ്ട്. സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന മറ്റ് പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട്

സമർപ്പിക്കുന്നതിന് രൂപീകരിച്ച ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(2) മൂന്നാറിന്റെ സംരക്ഷണം

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കിയിലെ കുടിയേറ്റ കർഷക ഭൂമിക്ക് പട്ടയം അനുവദിച്ചത് 1950-ലെ ട്രാവൻകൂർ കൊച്ചിൻ ലാന്റ് അസൈൻമെന്റ് ആക്ടും 1960-ലെ കേരള ലാന്റ് അസൈൻമെന്റ് ആക്ടും 1964-ലെ റൂളും പ്രകാരമാണ്. പട്ടയം നൽകുന്ന അവസരത്തിൽ ഉദ്യോഗസ്ഥർ ചട്ടങ്ങളും റൂളുകളും പരിശോധിച്ചിരുന്നില്ല. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലുള്ള വീഴ്ചകൾ പരിശോധിക്കണം. ഇടുക്കി ജില്ലയിലെ പ്രധാന സ്ഥാപനങ്ങളെല്ലാം പട്ടയ ഭൂമിയിലാണ് സ്ഥിതിചെയ്യുന്നത്. ഇത്തരം സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും ഉപയുക്തമായ നിയമങ്ങൾ കേരളത്തിൽ നിലവിലില്ല. സമീപകാലത്തെ ഹൈക്കോടതി വിധിയനുസരിച്ച് 1964-ൽ ചട്ടപ്രകാരം പതിച്ച് കൊടുത്ത പട്ടയ ഭൂമിയിലുള്ള സ്ഥാപനങ്ങൾ നിയമവിരുദ്ധമായതിനാൽ അവ നീക്കപ്പെടേണ്ടതുമാണ്. മൂന്നാറിലെ കയ്യേറ്റവും കുടിയേറ്റവും ഇടുക്കിയിലെ ജനവാസത്തെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. കുടിയേറ്റക്കാരെ സംരക്ഷിക്കേണ്ട ചുമതല സർക്കാരിനുണ്ട്. പട്ടയഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന മരത്തിന്റെ ഉടമസ്ഥാവകാശം അവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. കൃഷി

ലാഭകരമല്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ ഉപജീവനത്തിനായി ഒരു വ്യാപാര സ്ഥാപനം നിർമ്മിക്കാൻ പോലും നിയമത്തിൽ വ്യവസ്ഥയില്ല. ആയതിനാൽ 1964-ലെ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തി സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിനും മൂന്നാറിനുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം. ഇടുക്കിയിലെ ഭൂപ്രശ്നത്തിൽ ഗവൺമെന്റ് ജാഗ്രതയോടുകൂടിയ ഇടപെടൽ നടത്തുകയും മന്ത്രിയുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുകയും ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 1960-ലെ കേരള ലാന്റ് അസൈൻമെന്റ് ആക്ടിന്റെ അടിസ്ഥാനത്തിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരമാണ് കേരളത്തിൽ സർക്കാർ ഭൂമി പതിച്ചുനൽകുന്നത്. പഞ്ചായത്ത് പ്രദേശങ്ങൾ 1964-ലെ കേരള ഭൂമി പതിവുചട്ടപ്രകാരവും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ കേരള ലാന്റ് അസൈൻമെന്റ് മുനിസിപ്പൽ കോർപ്പറേഷൻ ചട്ടപ്രകാരവുമാണ് ഭൂമി പതിച്ച് നൽകുന്നത്. കൂടാതെ 1993-ലെ കേരള ലാന്റ് അസൈൻമെന്റ് ആക്ടിലെ പ്രത്യേക ചട്ടപ്രകാരം 1-1-1977-നുമുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവർക്ക് ഭൂമി പതിച്ച് നൽകുന്നുണ്ട്. 1964-ലെ കേരള ഭൂമി പതിവുചട്ടപ്രകാരം കൃഷി, ഭവനനിർമ്മാണം, അയൽ വസ്തുവിന്റെ ഗുണകരമായ

അനുഭവം എന്നീ ആവശ്യങ്ങൾക്ക് ഭൂമി പതിച്ചുനൽകാവുന്നതാണ്. ഈ ചട്ടങ്ങൾ പ്രകാരം ഒരാളുടെ കൈവശമുള്ള ഭൂമി അയാൾക്ക് പതിച്ചുനൽകുന്നതിനും പ്രസ്തുത ഭൂമി വിൽപ്പന നടത്തുന്നതിനും 2014-വരെ തടസ്സമില്ല. 30.9.2014- ലെ സർക്കാർ ഉത്തരവുപ്രകാരം ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഒരാൾക്ക് ഭൂമി പതിച്ച് നൽകുമ്പോൾ ഇരുപത്തിയഞ്ച് വർഷത്തേയ്ക്ക് വിൽപ്പന നടത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പിന്തുടർച്ചാവകാശിക്ക് പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. ഭൂരഹിതനായ വ്യക്തിക്ക് ഭൂമി പതിച്ച് നൽകിയാൽ പ്രസ്തുത ഭൂമി വിൽപ്പന നടത്തി വീണ്ടും ഭൂരഹിതനാവുമെന്നതിനാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുണ്ടോയെന്ന് പരിശോധിക്കണം. ഭൂമി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക മോണിറ്ററിംഗ് കമ്മിറ്റിയുടെ ആവശ്യമില്ല. നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) റെയിൽപ്പാത

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേന്ദ്ര അംഗീകാരം ലഭിച്ച് സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുൾപ്പെട്ട നഞ്ചൻകോട്-സുൽത്താൻ ബത്തേരി-നിലമ്പൂർ റെയിൽപ്പാത ഡി.പി.ആർ. തയ്യാറാക്കി

യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കേരള സർക്കാർ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും 2 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ ലൈൻ കേരളത്തിലെ സംരക്ഷിത വനമേഖലയിലൂടെയും കർണ്ണാടകയിലെ ബന്ദിപ്പൂർ ദേശീയ ഉദ്യാനത്തിലൂടെയും കടുവാ സങ്കേതത്തിലൂടെയുമാണ് കടന്നുപോകുന്നത്. കേന്ദ്ര പരിസ്ഥിതി- വനം മന്ത്രാലയത്തിന്റെ വിജ്ഞാപനപ്രകാരം ബന്ദിപ്പൂർ ദേശീയ ഉദ്യാനത്തിലൂടെയുള്ള റെയിൽവേ ലൈനുകൾ, ഭൂഗർഭ പൈപ്പ്ലൈനുകൾ, റോപ്പ്വേ എന്നിവയുടെ പണികൾ നിരോധിച്ചിട്ടുണ്ട്. റെയിൽവേ ലൈൻ കർണ്ണാടകത്തിലൂടെ കടന്നുപോകുന്നതിനാൽ പദ്ധതിച്ചെലവിന്റെ പങ്കാളിത്തം കർണ്ണാടക ഗവൺമെന്റ് ഏറ്റെടുക്കേണ്ടതാണ്. 2017 മാർച്ച് 17-ന് കർണ്ണാടക അടിസ്ഥാന സൗകര്യ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിലെ വിവിധ തടസ്സങ്ങൾ കണക്കിലെടുത്ത് പരിസ്ഥിതിലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവ ഒഴിവാക്കിയുള്ള അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. 2017 ഏപ്രിൽ

17-ന് ബാംഗ്ലൂരിൽ ചീഫ് സെക്രട്ടറി തലത്തിൽ നടന്ന യോഗത്തിൽ നിലമ്പൂർ-നഞ്ചൻകോട് പാതയ്ക്ക് ബദലായി തലശ്ശേരി-മൈസൂർ റെയിൽപ്പാതയുടെ ആവശ്യകതയെപ്പറ്റി ചീഫ് സെക്രട്ടറി വിവരിക്കുകയും ഡി.എം.ആർ.സി. നിർദ്ദേശിച്ച ഭൂഗർഭ റെയിൽപ്പാതയെ സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തു. തലശ്ശേരി-മൈസൂർ റെയിൽവേ ലൈൻ പ്രാവർത്തികമാകുമ്പോൾ മൃഗങ്ങളുടെ ആവാസവ്യവസ്ഥ വിഭജിക്കപ്പെടുകയും വന്യജീവി സംരക്ഷണത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുകയും ചെയ്യും. തലശ്ശേരി-മൈസൂർ റെയിൽപ്പാതയ്ക്കായി സർവ്വേ നടത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുവാദത്തിനായി 10 ദിവസത്തിനകം അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയും കർണ്ണാടക സർക്കാരിന്റെയും അനുമതി ലഭ്യമായതിനുശേഷം ഡി.എം.ആർ.സി. തയ്യാറാക്കിയ സ്കെച്ച് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>പട്ടിണി സമരം</u>

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ശമ്പള കുടിശ്ശിക ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി <u>(ഡോ. കെ. ടി. ജലീൽ)</u>: 2005-ൽ നിലവിൽ വന്ന മഹാത്മാഗാന്ധി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ വേതന കുടിശ്ശികയായി 759.43 കോടി രൂപ കേന്ദ്രം തൊഴിലാളികൾക്ക് നൽകേണ്ടതായിട്ടുണ്ട്. 10.04.2017-ലെ ഉത്തരവ് പ്രകാരം 2017-18 വർഷത്തെ പദ്ധതിക്കായുള്ള ആദ്യ ഗഡു കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്നു. ശേഷിക്കുന്ന 636.60 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകേണ്ടതായിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകാനുള്ള കൂലി കുടിശ്ശിക നൽകണമെന്നാവശ്യപ്പെട്ട് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും മുഖ്യമന്ത്രിതലത്തിലും കത്തുകൾ അയയ്ക്കുകയും കേന്ദ്രമന്ത്രിയെ നേരിൽക്കണ്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. സഭ തീരുന്നതിനുമുമ്പ് കുടിശ്ശിക നൽകിയില്ലെങ്കിൽ ഏകകണ്ഠമായി ഒരു പ്രമേയം സഭ പാസ്സാക്കി കേരളത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കുന്നതാണ്. ഇക്കാര്യത്തിൽ കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും ഒറ്റക്കെട്ടായി നിൽക്കുകയും എല്ലാവരുടേയും സജീവ ഇടപെടലുണ്ടാകുകയും വേണം.

(3) ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: ഭൂമി ഏറ്റെടുക്കലും പുനരധിവാസ പ്രവർത്തനങ്ങളും ത്വരിതഗതിയിൽ നടത്തി ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ): സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിച്ച മെഗാ പദ്ധതിയാണ് ആമ്പല്ലൂരിലെ ഇലക്ട്രോണിക്സ് പാർക്ക്. 100 ഏക്കർ വരുന്ന പ്രസ്തുത ഭൂമി 103 കോടി രൂപയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്. വിവിധ ബഡ്ജറ്റുകളിലായി അനുവദിച്ച 23 കോടി രൂപയിൽ 13 കോടി രൂപ നൽകുകയും 90 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയുടെ യോഗ തീരുമാനപ്രകാരം സ്ഥലവില നിർണ്ണയിച്ച് സർക്കാർ ഉത്തരവ് ഇറക്കുകയും ജില്ലാ പർച്ചേസ് കമ്മിറ്റി 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭൂ ഉടമകളുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായശേഷം അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളുമായി കെ.എസ്.ഐ.ഡി.സി. മുന്നോട്ട് പോകുന്നതാണ്. ഭൂമി വിട്ട് നൽകുന്നവരുടെ പുനരധിവാസമുൾപ്പടെയുള്ള മറ്റ് പ്രശ്നങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണ്.

(4) ആഡംബര നികുതിക്ക് കാലപരിധി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: 3000 ചതുരശ്ര അടിയോ അതിലധികമോ വിസ്തീർണ്ണമുള്ള വീടുകളുടെ ആഡംബര നികുതിക്ക് കാലപരിധി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 1975-

ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5 (എ) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി 278.7 ചതുരശ്ര മീറ്ററോ അതിൽ കൂടുതലോ തറ വിസ്തീർണ്ണമുള്ളതും 01-04-1991-നോ അതിന് ശേഷമോ പൂർത്തീകരിച്ച വാസയോഗ്യമായ കെട്ടിടങ്ങൾക്കാണ് ആഡംബര നികുതി ചുമത്തുന്നത്. 2014-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 01-04-2014 മുതൽ ആഡംബര നികുതി 2000 രൂപയിൽ നിന്ന് 4000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതും ഓരോ സാമ്പത്തിക വർഷവും മാർച്ച് 31-നോ അതിന് മുൻപോ മുൻകൂറായി ഒടുക്കേണ്ടതുമാണ്. ആഡംബര നികുതി ഈടാക്കുന്നതിന് നിയമപ്രകാരം കാലപരിധി നിശ്ചയിച്ചിട്ടില്ല. സ്ലാബ് സമ്പ്രദായത്തിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വീട്ടുടമ മരണപ്പെട്ടാൽ ആഡംബര നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ലാത്തതും മാർച്ച് 15-ന് നിർമ്മാണം പൂർത്തിയാക്കിയ വീടുകൾക്ക് തന്നാണ്ടിലെ നികുതി ഒടുക്കേണ്ടതുമാണ്.

(5) <u>അടിസ്ഥാന സൗകര്യങ്ങൾ</u>

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: ആദിവാസികളും സാധാരണക്കാരും ആശ്രയിക്കുന്ന വിതുര താലൂക്കാശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വിതുര സാമൂഹികാരോഗ്യ കേന്ദ്രത്തെ 18-02-2016-ലാണ് താലൂക്കാശുപത്രിയായി പ്രഖ്യാപിച്ചത്. ഇവിടെ 11 ഡോക്ടർമാരുൾപ്പെടെ എൻ.ആർ.എച്ച്.എം. മുഖേന ഒരു ഡെന്റൽ സർജൻ, ഫാർമസി, ലബോറട്ടറി, ആംബുലൻസ് എന്നിവയുടെ സേവനം ലഭിക്കുന്നുണ്ട്. ആഴ്ചയിലൊരിക്കൽ നേത്ര പരിശോധനയോടൊപ്പം പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് സർക്കാർ ഏർപ്പെടുത്തിയ എല്ലാ ആരോഗ്യ പദ്ധതികളും നടക്കുന്നുണ്ട്. ഓപ്പറേഷൻ തിയേറ്റർ നവീകരിച്ച് സിസേറിയൻ സൗകര്യം ഒരുക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ബ്ലഡ് സ്റ്റോറേജ് യൂണിറ്റും ഐ.പി. വാർഡ്, കുട്ടികളുടെ വാർഡ്, പ്രസവ വാർഡ് എന്നിവയും നിലവിലുണ്ട്. താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും സ്റ്റാഫ് പാറ്റേൺ നടപ്പാക്കാത്തതിനാൽ പോസ്റ്റ് ക്രിയേഷൻ നടത്തിയിരുന്നില്ല. ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്കാശുപത്രി എന്ന നിലയിലാണ് ആശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബ്ലോക്ക്/പഞ്ചായത്തുതല കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെച്ചപ്പെടുത്താനുള്ള പോസ്റ്റ് ക്രിയേഷന്റെ പ്രൊപ്പോസലിൽ വിതുര താലൂക്കാശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള ഘട്ടത്തിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(6) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. എ. എം. ആരിഫ്: അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്കാശുപത്രിയെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2010-ൽ തുറവൂർ ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും അതിനാവശ്യമായ പോസ്റ്റ് ക്രിയേഷനോ മറ്റ് സൗകര്യങ്ങളോ ലഭ്യമായിട്ടില്ല. ഈ ആശുപത്രിയിൽ 24 മണിക്കൂറും കാഷ്വൽറ്റി സേവനം ലഭ്യമാണ്. ഒ.പി.-യിൽ ആയിരത്തോളം രോഗികൾ എത്തുന്നുണ്ട്. ഡയാലിസിസ് യൂണിറ്റ്, ഇ.സി.ജി., എക്സ്റേ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ജനറൽ മെഡിസിൻ, ഡെന്റൽ എന്നീ വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. അഞ്ചുവർഷത്തേയ്ക്ക് വിഭാവന ചെയ്തിട്ടുള്ള ആർദ്രം പദ്ധതി ഒറ്റഘട്ടത്തിൽ പൂർത്തിയാക്കാൻ കഴിയില്ല. ആദ്യഘട്ടത്തിൽ സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ച് ഒരു താലൂക്കാശുപത്രിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത ആശുപത്രികളിൽ സൗകര്യമേർപ്പെടുത്തിയശേഷം തുറവൂർ താലൂക്കാശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയായി മെച്ചപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(7) സർവ്വീസ് ചാർജ്

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. എ. എൻ. ഷംസീർ: എസ്.ബി.ഐ. ഉപഭോക്താക്കളിൽനിന്നും എ.ടി.എം. ഉപയോഗിക്കുന്നതിനും നോട്ട് മാറുന്നതിനും പണം നിക്ഷേപിക്കുന്നതിനും സർവ്വീസ് ചാർജ് ഈടാക്കുന്ന നടപടി അവസാനിപ്പിക്കാൻ മുൻകയ്യെടുക്കണം.

ശ്രീ. പി. ടി. തോമസ്: എസ്.ബി.ഐ.-യുമായി ബന്ധപ്പെട്ട എല്ലാ സർവ്വീസുകൾക്കും ടാക്സ് കൊടുക്കേണ്ട നടപടിയെ ശക്തമായി നേരിടണം.

ശ്രീ. എം. സ്വരാജ്: എസ്.ബി.ഐ. ഉപഭോക്താക്കളിൽനിന്നും സർവ്വീസ് ടാക്സ് ഈടാക്കുന്ന നടപടിക്കെതിരെ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിൽ ഇടപെടണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. എസ്.ബി.ഐ. 1-4-17 മുതൽ എല്ലാ സേവനങ്ങൾക്കും ചാർജ് ഈടാക്കിക്കൊണ്ടും ജൂൺ 1 മുതൽ വീണ്ടും ഈ ചാർജുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടും ഉത്തരവിറക്കുകയുണ്ടായി. വലിയ പ്രതിഷേധം ഉയർന്നുവന്നതിനാൽ ആ ഉത്തരവ് പിൻവലിക്കുകയാണുണ്ടായത്.

കിട്ടാക്കടവും നിഷ്ക്രിയ ആസ്തികളും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലാണ് എസ്.ബി.ഐ. ചാർജ് കൂട്ടാൻ നിർബന്ധിതമായത്. ഇതിന്റെയടിസ്ഥാനത്തിൽ ബാക്കി പൊതുമേഖലാ ബാങ്കുകളും സർവ്വീസ് ടാക്സ് വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്. ജനങ്ങൾക്ക് ബാങ്കിലുള്ള വിശ്വാസം കുറഞ്ഞപ്പോൾ പണം കയ്യിൽ വയ്ക്കുന്നത് നോട്ട് ക്ഷാമം രൂക്ഷമാകുന്നതിനും സാമ്പത്തിക പ്രത്യാഘാതങ്ങൾക്കും ഇടയാക്കി. ഇതിന്റെ ഗൗരവം മനസ്സിലാക്കി ഇടപെടുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇക്കാര്യം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെയും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയെയും അറിയിക്കുന്നതാണ്.

## (8) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം

ശ്രീ. സി. ദിവാകരൻ: നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഹയർ സെക്കണ്ടറി അദ്ധ്യാപകരെ നിയമിക്കുന്നതിനും ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത 148 പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന തോതിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും നിലവിൽ ഹയർ സെക്കണ്ടറി സ്കൂളുകളുള്ള പഞ്ചായത്തുകളിൽ

വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തു. പുതിയതായി ആരംഭിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലും അധിക ബാച്ചുകളിലും നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ ദിവസ വേതന അടിസ്ഥാനത്തിൽ നിശ്ചയിച്ച് അധ്യയനം നടത്താനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പുതിയതായി അനുവദിച്ച സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് 2016 വരെയും വേതനം ലഭിച്ചിരുന്നില്ല. ഈ സർക്കാർ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുകയും ഇപ്പോൾ അവർക്ക് വേതനം ലഭിക്കുകയും ചെയ്യുന്നുണ്ട്. പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലും ബാച്ചിലും സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണ്. 2014-15, 2015-16 വർഷങ്ങളിൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലും ബാച്ചുകളിലും ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള ശിപാർശ വിശദമായി പരിശോധിച്ചുവരികയാണ്. സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റുകളിൽനിന്നും കൂടുതൽ നിയമനങ്ങൾ നടത്താൻ സാധിക്കുന്നതാണ്. വിവിധ വിഷയങ്ങളിലായി ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിലവിലുള്ള 29 റാങ്ക് ലിസ്റ്റുകളിൽനിന്നും ഇതുവരെ 2399 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ബാക്കിയുള്ളത്

എത്രയുംവേഗം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

## V ക്രമപ്രശ്നം

### ജി.എസ്.ടി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ജൂലൈ 1-ാം തീയതി മുതൽ ജമ്മുകാശ്മീർ ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളിലും ജി.എസ്.ടി. നിയമം നിലവിൽ വരാൻ പോകുകയാണ്. പല സംസ്ഥാനങ്ങളും ഈ ബിൽ പാസ്സാക്കിയിട്ടുണ്ടെങ്കിലും കേരളത്തിൽ പാസ്സാക്കിയിട്ടില്ല. കാര്യോപദേശക സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ് ചെയ്ത ബില്ലുകളിലും ജി.എസ്.ടി. ബിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ ഈ ബിൽ പാസ്സാക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : ജൂലൈ മാസം 1-ാം തീയതി മുതൽ രാജ്യത്ത് ജി.എസ്.ടി. നിയമം നിലവിൽ വരികയാണ്. ഈ മാസം 25-ാം തീയതി നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനാൽ ഈ ബിൽ പാസ്സാക്കുന്നതിന് സാധിക്കില്ല. എന്നാൽ നിയമപരമായെടുക്കേണ്ട എല്ലാ നടപടികളും പൂർത്തീകരിക്കുന്നതാണ്. അടുത്ത സഭാസമ്മേളനം ചേരുന്ന അവസരത്തിൽ ഈ ബിൽ അവതരിപ്പിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് മന്ത്രിസഭ ചർച്ച ചെയ്യുന്നതാണ്.

## VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി : 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ : പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : കാർഷിക മേഖലയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കുന്നതിനും കൃഷി നിലനിർത്തുന്നതിനുമായി കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇതിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അടുത്ത നിയമസഭാ സമ്മേളനത്തിൽ ബിൽ

അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതിനാൽ ഒരു സ്വകാര്യ ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ജീവിതച്ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൃഷിയിൽ നിന്നും ലഭിക്കുന്ന വരുമാനം കുറവായതിനാൽ കർഷകർ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. അവർക്ക് സമൂഹത്തിൽ മാന്യതയും വിലയുമില്ലാത്ത ഒരവസ്ഥയാണുള്ളത്. സംസ്ഥാനത്തുനിന്നുള്ള കാർഷിക വിഭവങ്ങളും സുഗന്ധ ദ്രവ്യങ്ങളും വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിലൂടെ രാജ്യത്തിന് ധാരാളം വിദേശനാണ്യം ലഭിക്കുന്നുണ്ട്. അതിനാൽ പ്രത്യേക റോയൽറ്റി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

(ചർച്ച തുടരും)

(ii) 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ് : 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത് : പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി) : വർദ്ധിച്ചുവരുന്ന

വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സംസ്ഥാനത്ത് റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബില്ലിൽ പരാമർശിക്കുന്ന കാര്യങ്ങൾ അതോറിറ്റി ചെയ്തുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇത് പ്രത്യേക ബില്ലായി പരിഗണിക്കേണ്ട ആവശ്യമില്ല.

ശ്രീ. പി. ടി. തോമസ് : റോഡ് സുരക്ഷയ്ക്കായി വിദേശ രാജ്യങ്ങളിൽ കൈക്കൊണ്ടുവരുന്ന നടപടികൾ ഭാഗികമായെങ്കിലും ഇവിടെ നടപ്പാക്കാൻ ശ്രമിക്കണം. ഓരോ വർഷവും സംസ്ഥാനത്ത് ഏകദേശം ആയിരത്തി നാനൂറിലേറെ കാൽനടയാത്രക്കാർ റോഡ് അപകടങ്ങളിൽ മരണമടയുന്നുണ്ട്. ഫുട്ട്പാത്തുകളില്ലാത്തതും ട്രാഫിക് നിയമങ്ങളെ സംബന്ധിച്ച ധാരണക്കുറവുമാണ് ഇതിന് കാരണം. റോഡ് സേഫ്റ്റിയെ സംബന്ധിച്ച ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ നിബന്ധനകൾ നടപ്പാക്കണം. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കണം.

(ചർച്ച തുടരും)

(iii) 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ : 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് : പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : ഇന്ത്യൻ ശിക്ഷാ നിയമത്തിലും ക്രിമിനൽ നടപടി നിയമത്തിലും ഭേദഗതി വരുത്താനുദ്ദേശിച്ചുള്ള ബില്ലാണിത്. നിയമം അനുശാസിക്കുന്ന ശിക്ഷ വർദ്ധിപ്പിക്കാനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളും ഇതിൽ നിർദ്ദേശിക്കുന്നുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിലവിലുള്ള ശിക്ഷയും നടപടിക്രമവും ഗൗരവമായ ചർച്ചയ്ക്കുശേഷം മാത്രമേ മാറ്റുന്നതിന് സാധിക്കുകയുള്ളൂ. സംസ്ഥാനത്ത് നിയമ പരിഷ്കരണ കമ്മീഷനെ നിയോഗിക്കുകയും അതിന്റെ പ്രവർത്തനം നടന്നുവരികയുമാണ്. അത്തരമൊരു പശ്ചാത്തലത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സംസ്ഥാനത്തെ സാമൂഹ്യ സാഹചര്യത്തിനനുസരിച്ച് ഐ.പി.സി., സി.ആർ.പി.സി. നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ നിയമനിർമ്മാണ സഭയ്ക്കുള്ള അധികാരം വിനിയോഗിക്കാൻ തയ്യാറാകണം. അളവു തൂക്കങ്ങളിൽ കൃത്രിമം കാണിക്കുകയും ആഹാരപദാർത്ഥങ്ങളിലും മരുന്നിലുമടക്കം മായം ചേർക്കുന്നവർക്കെതിരെയും അമിതവേഗതയിലും അശ്രദ്ധയോടുംകൂടി വാഹനമോടിച്ച് അപകടമുണ്ടാക്കുന്നവർക്കെതിരെയുമുള്ള ശിക്ഷാനടപടികൾ

കർശനമാക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സി.ആർ.പി.സി. നടപടിക്രമങ്ങളിൽ കാലോചിതമായി മാറ്റം വരുത്താനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

(ചർച്ച തുടരും)

## (iv) 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

ശ്രീ. ബി. സത്യൻ: 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): തദ്ദേശീയമായി ടൂറിസം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് വർഷങ്ങൾ പിന്നിട്ടിട്ടും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ഈ സർക്കാർ അധികാരമേറ്റശേഷം ഡി.ടി.പി.സി.-കളുടെ കഴിഞ്ഞകാല പ്രവർത്തനം സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതിനും മെച്ചപ്പെട്ട ശമ്പളം നൽകി ആവശ്യമായ യോഗ്യതകളുള്ളവരെ സെക്രട്ടറിമാരായി

നിയമിക്കുന്നതിനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായി നിലകൊള്ളുന്ന ഡി.ടി.പി.സി.-കളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നിലവിൽ ഫലപ്രദമായ സംവിധാനങ്ങളുള്ളതുകൊണ്ട് ഒരു അപ്പെക്സ് ബോഡി രൂപീകരിക്കേണ്ട ആവശ്യമില്ല. ഡി.ടി.പി.സി.-കളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജീവനക്കാർക്ക് ന്യായമായ ശമ്പളം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ബി. സത്യൻ</u>: ഡി.ടി.പി.സി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെ സ്വാഗതം ചെയ്യുന്നു. ജോലിത്തിരക്ക് കാരണം ജില്ലാ കളക്ടർമാർക്ക് ഡി.ടി.പി.സി.-യുടെ കാര്യത്തിൽ കൃത്യമായി ഇടപെടാൻ കഴിയാത്തതും കാര്യപ്രാപ്തിയുള്ള സെക്രട്ടറിമാർ ഇല്ലാത്തതും കാരണം അനന്തമായ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഡി.ടി.പി.സി. ജീവനക്കാർക്ക് ന്യായമായ സേവന-വേതന വ്യവസ്ഥകൾ നിഷേധിക്കുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നിലവിൽ മതിയായ സംവിധാനമുണ്ടെന്ന വകുപ്പുമന്ത്രിയുടെ അഭിപ്രായത്തെ മാനിക്കുന്നു.

(ചർച്ച തുടരും)

## (v) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമരംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. കെ. രാജൻ: 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പ്രാദേശിക പത്രപ്രവർത്തകർക്കും വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിന്റെ പരിധിയിൽ വരാത്തവർക്കും പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീമിൽ അംഗത്വമെടുക്കുന്നതിനുള്ള അവകാശമുണ്ട്. പ്രസ്തുത ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്തവർക്ക് ചികിത്സാസഹായം, വിവാഹ ധനസഹായം, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതുകൊണ്ട് പ്രാദേശിക പത്ര-ദൃശ്യ മാധ്യമരംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന് പ്രസക്തിയില്ല.

ശ്രീ. കെ. രാജൻ: സാമൂഹിക ജീവിതത്തിന്റെ വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ള പ്രാദേശിക പത്രപ്രവർത്തകരെ അവഗണിക്കുന്നത്

ശരിയല്ല. പ്രാദേശിക പത്രപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന റിപ്പോർട്ടർമാരും സ്റ്റിൽ, വിഡീയോ ഫോട്ടോഗ്രാഫർമാരുമടങ്ങുന്ന ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായി പ്രാദേശിക പത്രക്ഷേമനിധി രൂപീകരിക്കുമെന്ന് സർക്കാർ ബഡ്ജറ്റ് പ്രഖ്യാപനത്തിലും സഭയിലും നൽകിയ ഉറപ്പുകൾ നാളിതുവരെയും നടപ്പാക്കിയിട്ടില്ല. ക്ഷേമനിധി നടപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഉത്തരവും പാലിക്കപ്പെട്ടില്ല. രാപകലില്ലാതെ അധ്വാനിക്കുന്ന ഈ വിഭാഗത്തിന് തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ വേതനംപോലും ലഭിക്കുന്നില്ല എന്നത് വളരെ ഗൗരവമുള്ള പ്രശ്നമാണ്.

(ചർച്ച തുടരും)

കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന മൂന്ന് ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള തുടർചർച്ച അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ലാത്തതിനാൽ സഭ നിരാകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

****